"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് - ഒരേ സമയം രണ്ട് ക്ഷേമനിധി പെൻഷൻ കൈപ്പറ്റിയതിനെ തുടർന്ന് റദ്ദ് ചെയ്യപ്പെട്ട കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പെൻഷൻ പുനഃസ്ഥാപിച്ചു നൽകുന്നതിനുള്ള ബോർഡ് യോഗ തീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.638/2025/LBR തീയതി,തിരുവനന്തപുരം, 23-05-2025**

---

പരാമർശം:-

1. G.O (Ms) No.483/2017/Fin, dated 06/11/2017.
2. 05.11.2022--ലെ LBRD-B1/215/2022-LBRD നമ്പർ കത്ത്.
3. 20.02.2023-ലെ 661 ാ മത് ബോർഡ് യോഗതീരുമാനം.
4. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ സമർപ്പിച്ച 12.04.2023-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പെൻഷൻ ഉൾപ്പെടെ ഒരേ സമയം രണ്ട് ക്ഷേമനിധി പെൻഷൻ കൈപ്പറ്റിയതിനെ തുടർന്ന് റദ്ദ് ചെയ്യപ്പെട്ട കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പെൻഷൻ പുന:സ്ഥാപിക്കുന്നതിന്, മേൽ കാലയളവിൽ കൈപ്പറ്റിയ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പെൻഷൻ തിരികെ അടയ്ക്കണമെന്ന്, പരാമർശം (2) പ്രകാരം നൽകിയിരുന്ന നിർദ്ദേശം പുന:പരിശോധിക്കണമെന്ന് ബോർഡ് ചെയർമാൻ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. മറ്റ് വരുമാനമില്ലാത്തവരും രോഗികളുമായ പല പെൻഷൻകാർക്കും സർക്കാർ നിർദ്ദേശം കടുത്ത പ്രയാസം സൃഷ്ടിക്കുന്നുവെന്ന പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി രണ്ട് ക്ഷേമനിധി പെൻഷൻ കൈപ്പറ്റി വന്നിരുന്ന തൊഴിലാളികളിൽ മറ്റ് ക്ഷേമനിധി പെൻഷൻ റദ്ദുചെയ്ത് സാക്ഷ്യപത്രം ഹാജരാക്കുന്നവർക്ക് അവർ മുൻപ് കൈപ്പറ്റിയ തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥ പരിഗണിക്കാതെ തന്നെ, പെൻഷൻ തടഞ്ഞു വച്ച മുഴുവൻ തൊഴിലാളികൾക്കും കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പെൻഷൻ പുനഃസ്ഥാപിച്ചു നൽകുന്നതിന് പരാമർശം (3) പ്രകാരം കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് യോഗം തീരുമാനിക്കുകയും പ്രസ്തുത ബോർഡ് യോഗ തീരുമാനത്തിന് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ചു, രണ്ട് ക്ഷേമനിധി പെൻഷൻ കൈപ്പറ്റി വന്നിരുന്ന തൊഴിലാളികളിൽ മറ്റ് ക്ഷേമനിധി പെൻഷൻ റദ്ദുചെയ്ത് സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിൽ, അവർ മുൻപ് കൈപ്പറ്റിയ തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പെൻഷൻ പുനഃസ്ഥാപിച്ചു നൽകുന്നതിനുള്ള പരാമർശം (3) പ്രകാരമുള്ള ബോർഡ് യോഗതീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ചീഫ് വെൽഫെയർഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്,

തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (vide U O No. 1745408/LBR-2/124/2021-FIN dated 21.04.2025)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
സെക്ഷൻ ഓഫീസർ
Date: 23-05-2025 13:54:53

പകർപ്പ്:- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി-ക്ക്
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ പി.എ.-ക്ക്